# ഊർജ്ജസംരക്ഷണ ബോധവൽക്കരണ വ്യമായി ഉണർവ്

തിരുവനന്തപുരം

എനർജി മാനേജ്മെന്റ് സെന്ററിന്റെ ഊർജ്ജസംരക്ഷണ ബോധവൽക്കരണ പരിപാടി ഉണർവ് രണ്ടാം പതിപ്പിന് തുടക്കമായി. മന്ത്രി കെ കൃഷ്ണൻകുട്ടി ഓൺലൈനായി ആശംസ നേർന്നു.

അധ്യാപകർക്കും കുട്ടികൾക്കും എനർജി മാനേജ്മെന്റ് സെന്റർ സന്ദർശിച്ച് ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ മനസ്സിലാക്കാനുള്ള പദ്ധതിയാണിത്. രണ്ടാം പതിപ്പിന്റെ ആദ്യ ദിനം വെഞ്ഞാറമൂട് ഗവ. യുപി സ്കൂൾ, നേമം ഗവ. യുപി സ്കൂൾ, ഗവ. യുപി സ്കൂൾ പാറശ്ശാല, മിസ്റ്റിക്കൽ റോസ് വെട്ടുകാട് എന്നീ സ്കൂളുകളിൽനിന്ന് 260 വിദ്യാർഥികൾ പരിപാടിയിൽ പങ്കെടുത്തു.

കഴിഞ്ഞ വർഷം പരിസ്ഥിതി ദിനത്തിൽ തുടക്കമിട്ട ഒന്നാം പതിപ്പിൽ 64 സ്കൂളിൽനിന്ന് 4400 പേരാണ് ഇഎംസി സന്ദർശിച്ചത്. ചടങ്ങിൽ ഇഎംസി ഡയറക്ടർ ആർ ഹരികുമാർ, ചന്ദ്രശേഖര റെഡ്ഡി, സുഭാഷ് ബാബു, സിന്ധു എസ് കുമാർ എന്നിവർ സംസാരിച്ചു.